# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 491 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്കുസേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സണ്ണി ജോസഫ്<br>,, കെ.എസ്.ശബരീനാഥൻ<br>,, അനൂപ് ജേക്കബ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്കുസേവന നികുതി നിലവിൽ വന്നപ്പോൾ നൂറ്റിയൊന്ന് സാധനങ്ങളുടെ വില കുറയും എന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പ്രഖ്യാപനത്തിന് അനുസൃതമായി വില കുറയുകയുണ്ടായോ; | (എ) | ജി.എസ്.ടി നിയമപ്രകാരം പ്രധാനപ്പെട്ട നൂറ്റിയൊന്ന് ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജനതാല്പര്യാർത്ഥം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വരുത്തിയ വിലകുറവും സർക്കാർ പ്രസിദ്ധപ്പെടുത്തിയിരുന്നു. നിലവിലുണ്ടായിരുന്ന ആകെ നികുതി ഭാരത്തിൽ ജി.എസ്.ടി നടപ്പിലാകുന്നതോടുകൂടി വരുന്ന കുറവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കയ്യടക്കുന്ന പ്രവണത തടയുന്നതിനായി നികുതി സംബന്ധിച്ച മാട്രിക്സ് പ്രസിദ്ധപ്പെടുത്തണമെന്ന് ജി.എസ്.ടി കൗൺസിലിൽ ആവശ്യപ്പെട്ടിരുന്നു. ഇത് നടക്കാതെ വന്ന സാഹചര്യത്തിലാണ് പ്രസ്തുത പട്ടിക പ്രസിദ്ധപ്പെടുത്തിയത്. ജി.എസ്.ടി യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി |

| | | | |
|---|---|---|---|
| | | | നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. അത്തരക്കാർക്കെതിരെ നടപടിയെടുക്കുന്നതിന് Anti- Profiteering Authority എത്രയും പെട്ടെന്ന് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | വില കുറയ്ക്കേണ്ട സാധനങ്ങളുടെ വില പോലും അമിതമായി വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുന്ന ഒരു വിഭാഗം കച്ചവടക്കാരുടെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിനുള്ള സർക്കാർ സംവിധാനം ഫലപ്രദമാണോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | ജി.എസ്.ടി പ്രകാരം വില കുറയുന്ന ഉല്പന്നങ്ങൾക്ക് വിലകൂട്ടി വിൽക്കുന്നതായി പലഭാഗത്തു നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളുമായും സംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാരനടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി നിയമപ്രകാരമുള്ള Anti Profiteering Authority ഇതുവരെയും രൂപീകരിച്ചിട്ടില്ലാത്തതിനാൽ നികുതി വകുപ്പിന് ഇതിൽ തുടർ നടപടികൾ സ്വീകരിക്കാൻ പരിമിതികളുണ്ട്. ലീഗൽ മെട്രോളജി വകുപ്പ് ഇത്തരം വില വർദ്ധനവിനെ തുടർന്ന് ചില പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ കണക്കുകൾ ശേഖരിച്ച് നല്കുന്നതാണ്. |
| (സി) | അമിതവില ഈടാക്കിയാൽ ഇടപെടുമെന്ന ധനമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, എത്ര വ്യാപാരസ്ഥാപനങ്ങൾ പരിശോധിച്ചുവെന്നും എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**